ഹദീസ്

സുബൈർ കുന്ദമംഗലം

# റമദാൻ വ്രതത്തിന്റെ വിശുദ്ധി

وعن أبي هريرة رضي الله عنه، قالَ: قَالَ رَسُولُ الله صَلى الله عَلَيْه وَسَلّم : قَالَ اللَّهُ عَزَّ وَجَلَّ كُلُّ عَملِ ابْنِ آدَمَ لَهُ إِلاَّ الصِّيَامَ فَإِنَّهُ لِي وَأَنَا أَجْزِي بِهِ وَالصِّيَامُ جُنَّةٌ فَإِذَا كَانَ يَوْمُ صَوْمِ أَحَدِكُمْ فَلاَ يَرْفُثْ يَوْمَئِذٍ وَلاَ يَسْخَبْ فَإِنْ سَابَّهُ أَحَدٌ أَوْ قَاتَلَهُ فَلْيَقُلْ إِنِّي امْرُؤٌ صَائِمٌ . وَالَّذِي نَفْسُ مُحَمَّدٍ بِيَدِهِ لَخُلُوفُ فَمِ الصَّائِمِ أَطْيَبُ عِنْدَ اللَّهِ يَوْمَ الْقِيَامَةِ مِنْ رِيحِ الْمِسْكِ وَلِلصَّائِمِ فَرْحَتَانِ يَفْرَحُهُمَا إِذَا أَفْطَرَ فَرِحَ بِفِطْرِهِ وَإِذَا لَقِيَ رَبَّهُ فَرِحَ بِصَوْمِهِ .

وفِي رواية له: يَتْرُكُ طَعَامَهُ، وَشَرَابَهُ، وَشَهْوَتَهُ، مِنْ أَجَلِي، الصِّيَامُ لي وأَنَا أَجْزِي بِه، وَالحَسَنَة بِعَشر أَمْثَالِها.

**അബൂഹുറയ്റ(റ)യിൽനിന്ന്: അല്ലാഹു പ്രഖ്യാപിച്ചിരിക്കുന്നു. "മനുഷ്യപുത്രന്റെ കർമങ്ങളെല്ലാം അവനുള്ളതാകുന്നു; നോമ്പൊഴികെ, അതെനിക്കുള്ളതാണ്. ഞാനാണതിന് പ്രതിഫലം നൽകുന്നത്. വ്രതം പരിചയാകുന്നു. നിങ്ങളിൽ ആരുടെയെങ്കിലും ഒരു ദിവസം വ്രതമായിരുന്നാൽ അയാൾ ലൈംഗിക ബന്ധത്തിലേർപ്പെടുകയോ പരുഷമായി പെരുമാറുകയോ ചെയ്യരുത്. ആരെങ്കിലും ചീത്ത പറയുകയോ ഏറ്റുമുട്ടുകയോ ചെയ്യുകയാണെങ്കിൽ 'ഞാൻ നോമ്പുകാരനാണ്' എന്നയാൾ പറഞ്ഞുകൊള്ളട്ടെ. മുഹമ്മദിന്റെ ആത്മാവ് ആരുടെ അധീനതയിലാണോ അവനാണ, നോമ്പുകാരന്റെ വായ്നാറ്റം അല്ലാഹുവിങ്കൽ കസ്തൂരിയുടെ പരിമളത്തേക്കാൾ ഹൃദ്യമാണ്. നോമ്പുകാരന് രണ്ട് സന്തോഷ വേളകളുണ്ട്. നോമ്പ് തുറന്നാൽ അതിന്റെ പേരിലും അല്ലാഹുവെ കണ്ടുമുട്ടുമ്പോൾ നോമ്പിന്റെ പേരിലും അയാൾ സന്തോഷിക്കുന്നു" (ബുഖാരി, മുസ്‌ലിം).**
**ഹദീസിന്റെ മറ്റൊരു പാഠഭേദം ഇങ്ങനെ: "അവൻ ഭക്ഷണപാനീയങ്ങളും വികാരങ്ങളും എനിക്ക് വേണ്ടി ഉപേക്ഷിക്കുന്നു. നോമ്പ് എനിക്കുള്ളതാണ്. ഞാനാണ് അതിനുള്ള പ്രതിഫലം നൽകുന്നത്. ഓരോ നന്മക്കും തത്തുല്യമായ പത്തിരട്ടിയുണ്ട്."**

ഇസ്‌ലാമിന്റെ പഞ്ചസ്തംഭങ്ങളിൽ സുപ്രധാനമായ റമദാൻ വ്രതത്തിന്റെ ഉദ്ദേശ്യം പ്രഭാതോദയം മുതൽ പ്രദോഷം വരെ അന്നപാനീയങ്ങൾ ഉപേക്ഷിക്കുകയെന്നത് മാത്രമല്ല, പ്രത്യുത ദുഷിച്ച വാക്കുകളും തജ്ജന്യമായ കർമങ്ങളും ഉപേക്ഷിച്ചുകൊണ്ട് പൂർണമായ ജീവിതവിശുദ്ധി കൈവരിക്കുക എന്നതുമാണ്. 'തഖ്‌വയുള്ളവരാകുന്നതിനു വേണ്ടി'യാണ് വ്രതം നിർബന്ധമാക്കിയതെന്ന ഖുർആൻ പരാമർശവും, ദാഹവും വിശപ്പുമല്ലാതെ മറ്റൊന്നും നേടാനാവാത്ത പരാജിതരായ നോമ്പുകാരെക്കുറിച്ച പ്രവാചകവചനവും അതാണ് ഓർമപ്പെടുത്തുന്നത്.

ഇസ്‌ലാമിലെ ഇബാദത്തുകളുടെ അടിസ്ഥാന ലക്ഷ്യം തഖ്‌വയാണെന്നതിൽ സംശയമില്ല. നമസ്കാരവും സകാത്തും നോമ്പും ഹജ്ജുമെല്ലാം വിശ്വാസിയുടെ മനസ്സിനെ സംസ്കരിക്കുകയും മണ്ണിന്റെ ക്ഷുദ്രപ്രലോഭനങ്ങളിൽനിന്ന് അവനെ വിണ്ണിന്റെ വിശാലതയിലേക്ക് ആനയിക്കുകയും ചെയ്യുന്നു. ഒട്ടും പ്രകടനാത്മകതയില്ലാത്ത ഇബാദത്താണ് വ്രതം. സ്രഷ്ടാവും സൃഷ്ടിയും മാത്രമറിയുന്ന ഇബാദത്ത്. നോമ്പുകാരനായ അടിമ ഇരുട്ടിന്റെ മറവിൽ ചെയ്തുകൂട്ടുന്നതൊന്നും യജമാനനായ അല്ലാഹുവല്ലാതെ മറ്റാരുമറിയുന്നില്ല. 'നോമ്പ് എനിക്കുള്ളതാണ്. ഞാനാണതിന് പ്രതിഫലം നൽകുന്നത്' എന്ന അല്ലാഹുവിന്റെ പ്രസ്താവന നൽകുന്ന സൂചനയതാണ്.

നോമ്പുകാരൻ അത്യുന്നതമായ സംസ്കാരത്തിന്റെ ഉടമയായി മാറണം. കാരണം വ്രതകാലമെന്നത് നന്മ